(ബി) ഉണ്ടെങ്കിൽ ഇതിലേക്ക് വല്ല സ്കീമും ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) പൊതുമേഖലയിൽ ചിട്ടി കുറി ഇവ നടത്തുന്നതിനും ഇൻഷ്വറൻസ്, ഹയർ പർച്ചേസ് സ്കീമുകളും നടത്തുന്നതിനും വേണ്ടി ഗവൺമെൻറുടമയിൽ ദി കേരള സ്റേറേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസ് ലിമിറേഡ് എന്ന നാമത്തിൽ, ഒരു കമ്പനി 6–11–69–ൽ രജിസ്റർ ചെയ്തു, 2–12–68 മുതൽ (തൃശ്ശൂർ ആസ്ഥാനമാക്കി) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽപറഞ്ഞ സ്കീമുകൾക്ക് പൂർണ്ണരൂപം നൽകേണ്ടതും നടപ്പാക്കേണ്ടതും ഈ കമ്പനിയാണ്.

37. [286] ശ്രീ. എൻ. കണപതി: മീൻ കാണും വിഭാഗക്കാർക്കു നിധി മന്ത്രി അവർകൾ ദയവു പൂർവ്വാർക്കുമാക:

(എ) പള്ളിവാസൽ എസ്റേറ്റിനടുത്ത നേഷനൽ സേവിങ്ങ്സ് ഗ്രൂപ്പ് തലവരാണ മാർട്ടിൻ ടി. ഗുണ്ഹാ എന്നവർ 19 നവംബർ 1969 തിയതിയിട്ടു 1967–68-ം ആണ്ടിൽ എൽ. ഐ. സി. പുതിയ അക്കൗണ്ടുകൾ കൂടുതലായി വാങ്ങിക്കൊടുത്തമൈയാൽ തനക്കുച് ചേരവേണ്ടിയ നാഷനൽ സേവിങ്സുക്കാന മൂന്നാർ പഞ്ചായത്തു അവാർഡു കിടക്കവില്ലെ എന്നു കൂറി കോട്ടയം മാവട്ട കലക്ടറുക്കു അനുപ്പിയ മനുവിൻ മീതു എന്ന നടവടിക്കൈകൾ എടുക്കപ്പട്ടനെ എന്നു കൂറപ്പടുമാ;

(ബി) അമ്മനുവിൽ കൂറപ്പട്ടപടി, 27–11–1969 മുതൽ കേ. ടി. എൽ. ഗ്രൗണ്ടിൽ തൊടങ്ങിയ ടിറൈവിങ് കേമ്പിൽ ഇന്ത അവാർഡു കൊടുക്കപ്പട്ടതാ;

(സി) ഇല്ലൈയെങ്കിൽ ഉടനടി അതിനെ വഴങ്ങുക ആവന സെയ്യലാമാ?

വിടെ

(എ) ഗ്രൂപ്പ് തലവർകളുക്കു 27–11–1969 തേതി കോട്ടയം റോട്ടറി ഗ്രൗണ്ടിൽവൈത്തു ഇതറ്കെന കൂട്ടുവിത്തതനിക്കൂട്ടത്തിൽ നല്കുവതറ്കാകവുള്ള ചെക്കുകളെ അനുപ്പുമാറു മൂന്നാർ പഞ്ചായത്തു നിരുവാക അതികാരിയൈക് കേട്ടുള്ളതാകക് കോട്ടയം കലെക്ടർ തെരിവിത്തുള്ളാർ.

(ബി) പഞ്ചായത്തു ടൈയരക്ടരിടമിരുന്തു പരിക വഴങ്കുവതറ്കാന അനുമതി കിടൈക്കാതതാൽ തിരു. മാർട്ടിൻ ടി. ഗുണ്ഹാവിറ്കു 27–11–1969 അന്റു പരിചനിക്കപ്പടവില്ലൈ. അന്ത അനുമതി ഇപ്പോതു കിടൈത്തുള്ളതു മൂന്നാർ പഞ്ചായത്തിലുൾ ഗ്രൂപ്പ് തലവർകളുക്കുരിയ ചെക്കുകൾ മാവട്ടച് കലെക്ടർ അലുവലകത്തിൽ 9–1–1970 അന്റു കിടൈക്കപ്പെറ്റനെ.

(സി) കോട്ടയം റോട്ടറി ഗ്രൗണ്ടിലുൾ കൂട്ടപ്പടവിരുക്കിന്റ ഒരു തനി നികഴ്ച്ചിയിൽ വൈത്തു ഗ്രൂപ്പ് തലവരുക്കുപ് പരിചു വഴങ്ക ഉടനടി ഏറ്പാടുകൾ മേറ്കൊൾളപ്പട്ടു വരുകിന്റനെ.

38 (295) ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:

താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പെൻഷൻ കാരുടെ നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പെൻഷൻ തുക കുറെയെങ്കിലും വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാര്യം പരിഗണനയിലാണ്.

ജുഡീഷ്യറി

39 (296) ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:

താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തെ ജുഡീഷ്യറി കുറേക്കൂടെ മെച്ചപ്പെടുത്താൻ വേണ്ടി സിവിൽ ജുഡീഷ്യറിയും, ക്രിമിനൽ ജുഡീഷ്യറിയും പ്രത്യേകമാക്കുവാനുള്ള സത്വര നടപടികളും സ്വീകരിക്കുമോ?

ഉത്തരം

ഈ കാര്യം ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

Adjournment Motions

മീ:സ്പീക്കർ: റൂൾ 49 അനുസരിച്ച് നാല് അടിയന്തിരപ്രമേയ 9 a. m.] ങ്ങൾക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. വളരെ മെമ്പർമാർ യോജിച്ചു ചേർന്നു എഴുതിതന്നിട്ടുള്ളതുമുണ്ട്. എല്ലാം വളരെയധികം പ്രാധാന്യം അർഹിക്കുന്നതുമാണ്. ചിലതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർ എന്നോടു പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് തരാതരം തിരിക്കാതെ ഒരെണ്ണം എടുക്കുകയാണ്. ഇവിടെ തന്നിട്ടുള്ള അടിയന്തിരപ്രമേയങ്ങളും താഴെപ്പറയുന്നവയാണ്.

കേരള ഗവൺമെൻറും തമിഴ്നാട് ഗവൺമെൻറും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറുകൾക്കും ധാരണകൾക്കും വിപരീതമായി, കോയമ്പത്തൂർ നഗരത്തിലെ ശുദ്ധജലവിതരണത്തിനു മാത്രം അനുവദിച്ചിട്ടുള്ള 'ശിരുവാണി' ഡാമിന്റെ ഉയരം നാലടി കൂടി ഉയർത്താൻ 55,000 രൂപ ചിലവ് ചെയ്തിരിക്കുന്നതായും, അതു വഴി 3000 ത്തോളം ഏക്കർ കൃഷിസ്ഥലത്ത് ജലസേചനം നടത്തി വരുന്നതായും ആധികാരികമായി അറിവു ലഭിച്ചിരിക്കുന്നതിനാൽ, അടിയന്തിര പൊതുപ്രാധാന്യമുള്ള ഈ വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യുവാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് റൂൾ 49 അനുസരിച്ച് ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) നൽകിയിട്ടുണ്ട്.

20-1-1970-ൽ ചെങ്ങന്നൂർ താലൂക്കിൽപെട്ട ചെറിയനാട് വില്ലേജിൽ നാൽപ്പതിൽപ്പരം വരുന്ന ആയുധധാരികളായ ഒരു സംഘം ആളുകൾ കർഷകത്തൊഴിലാളികളെ ആക്രമിക്കുകയും, തൽഫലമായി ഒരാൾ വെടിയേറ്റു കൊല്ലപ്പെടുകയും, ഒരു പെൺകുട്ടിയുൾപ്പെടെ മൂന്നു പേർക്കു സാരമായ പരുക്കുകളേൽക്കുകയും ചെയ്ത സംഭവത്തെത്തുടർന്ന് അവിടെ നിലവിലിരിക്കുന്ന അത്യന്തം ഗുരുതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള, ശ്രീ. പി. കെ. കുഞ്ഞച്ചൻ എന്നിവർ ചേർന്ന് റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly